# കൊച്ചി മെട്രോയിൽ ഡാറ്റ അനലിറ്റിക്സ് പ്ലാറ്റ്ഫോം വരുന്നു

- രാജ്യത്തെ മെട്രോകളിൽ ആദ്യത്തേത്
- ഡാറ്റ അനലിറ്റിക്സ് പ്ലാറ്റ്ഫോമും ഡാഷ്ബോർഡും യാഥാർഥ്യമാക്കിയതു രാജഗിരി കോളജ്



ഡാറ്റ അനലിറ്റിക്സ് പ്ലാറ്റ്ഫോം തയാറാക്കിയ രാജഗിരി എൻജിനിയറിംഗ് കോളജ് ടീമിലെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ റവ.ഡോ. ജെയ്സൺ പോൾ മുളേരിക്കൽ, സഹപ്രവർത്തകരായ ടി.ഡി. സാജൻ രാജ്, ദീപ മെർലിൻ ഡിക്സൺ എന്നിവർ.

**സിജോ പൈനാടത്ത്**

**കൊച്ചി:** കൊച്ചി മെട്രോയുടെ പ്രതിദിന ടിക്കറ്റുകളുടെയും യാത്രക്കാരുടെയും വിവരങ്ങൾ വിശകലനം (ഡാറ്റ അനലിറ്റിക്സ്) ചെയ്തു ഡാഷ്ബോർഡ് സംവിധാനത്തിലേക്കെത്തിക്കുന്നതിനുള്ള ദൗത്യം വിജയകരം. പരീക്ഷണാടിസ്ഥാനത്തിലുള്ള ഡാഷ് ബോർഡിന്റെ പ്രവർത്തനം മെട്രോയുടെ മുട്ടം സ്റ്റേഷനിൽ തുടങ്ങി. രാജ്യത്ത് ആദ്യമായാണു ഒരു മെട്രോ റെയിലിനായി ഡാറ്റ അനലിറ്റിക്സ് പ്ലാറ്റ്ഫോമും ഡാഷ്ബോർഡും സജ്ജമാകുന്നത്.

കൊച്ചി മെട്രോ കൂടുതൽ സ്മാർട്ടാകുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി ഡാറ്റ അനലിറ്റിക്സ് പ്ലാറ്റ്ഫോം തയാറാക്കിയതു കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹകരണത്തോടെ രാജഗിരി എൻജിനിയറിംഗ് കോളജാണ്. നിശ്ചിത മണിക്കൂറിലും ദിവസത്തിലും ആഴ്ചയിലും മെട്രോയിൽ യാത്ര ചെയ്യുന്നവരുടെ എണ്ണം, സഞ്ചരിച്ച ദൂരം, യാത്രക്കാർ കൂടുകയും കുറയുകയും ചെയ്യുന്ന സമയങ്ങൾ തുടങ്ങിയ വിവരങ്ങൾ ഒറ്റനോട്ടത്തിൽ മനസിലാക്കാനാവുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമാണിത്.


വിവരങ്ങൾ അറിയുന്നതിനൊപ്പം, ഇതു വിശകലനം ചെയ്തു മെട്രോ സർവീസുകൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കാനും യാത്രക്കാരുടെ എണ്ണം കൂട്ടാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനും ഡാറ്റാ അനലിറ്റിക്സ് പ്ലാറ്റ്ഫോം വിഭാവനം ചെയ്യുന്നുണ്ട്.

രാജഗിരിയിലെ കംപ്യൂട്ടർ സയൻസ് വിഭാഗത്തിലെ പ്രഫസറും മെട്രോ ഡാറ്റ അനലിറ്റിക്സ് പ്ലാറ്റ്ഫോമിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററുമായ റവ.ഡോ. ജെയ്സൺ പോൾ മുളേരിക്കലിന്റെ നേതൃത്വത്തിലുള്ള ടീം കഴിഞ്ഞ അഞ്ചു വർഷത്തോളമായി പദ്ധതിയുടെ പണിപ്പുരയിലാണ്. ഇതുവരെ കോളജിലെ ടെസ്റ്റ് ക്ലസ്റ്ററിൽ പ്രവർത്തിച്ചിരുന്ന പ്ലാറ്റ്ഫോം, കൊച്ചി മെട്രോയുടെ ഇൻഹൗസ് സർവറിലേക്കു മാറ്റിയിട്ടുണ്ട്.

മെട്രോ സ്റ്റേഷനുകളിലെ ടിക്കറ്റിംഗ്, യാത്രക്കാരുടെ ഫുട്ട്ഫാൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു ഡാറ്റ അനാലിസിലൂടെ അടുത്ത ദിവസങ്ങളിലെ കണക്കുകൾ ഡാറ്റ അനലിറ്റിക്സ് പ്ലാറ്റ്ഫോം പ്രവചിക്കും. നിർമിതബുദ്ധിയിൽ അധിഷ്ഠിതമായ ഡീപ് ലേണിംഗ് അൽഗോരിതമാണ് ഇതിന് ഉപയോഗിക്കുന്നതെന്നു റവ.ഡോ. ജെയ്സൺ പോൾ മുളേരിക്കൽ അറിയിച്ചു. ഓരോ സ്റ്റേഷനുകളിലെയും ടിക്കറ്റ് കളക്ഷന്റെ സ്വഭാവമനുസരിച്ചു സർവീസുകളുടെ ലാഭ, നഷ്ട സാധ്യതകളെക്കുറിച്ചുള്ള വിവരങ്ങളും ഇതിലൂടെ മെട്രോ അധികൃതർക്കു ലഭിക്കും.

റവ.ഡോ. മുളേരിക്കലിനൊപ്പം, രാജഗിരിയിലെ വിദ്യാർഥികളായ ടി.ഡി. സാജൻ രാജ്, ദീപ മെർലിൻ ഡിക്സൺ, ഡോ. വിനീത് രജത് ലാൽ, ഡോ. സ്മിനു ഇസുദ്ദിൻ, ബിനു അയ്യപ്പൻ എന്നിവരും ഡാറ്റ അനലിറ്റിക്സ് പ്ലാറ്റ്ഫോം ടീമിലുണ്ട്. പദ്ധതി വിഷയമാക്കി രണ്ടു പിഎച്ച്ഡി പ്രബന്ധങ്ങളും തയാറാവുന്നുണ്ട്. സുരേഷ് ഗോപി എംപിയുടെ പ്രത്യേക പ്രോത്സാഹനം പദ്ധതിക്കുണ്ടായിരുന്നെന്ന് അധികൃതർ അറിയിച്ചു.

ഡാറ്റ അനലിറ്റിക്സ് പ്ലാറ്റ്ഫോം വഴി ക്രോഡീകരിക്കുന്ന വിവരങ്ങൾ, സർവീസ് ഓപ്പറേഷൻസിനൊപ്പം, കൊച്ചി മെട്രോയുടെ ഓപ്പൺ ഡാറ്റ പോളിസിയുടെ അടിസ്ഥാനത്തിൽ മറ്റു മേഖലകളിലേക്കും പ്രയോജനപ്പെടുത്തും. ഇതിന്റെ ഭാഗമായി മൊബൈൽ ആപ്പുകളും സ്റ്റാർട്ടപ്പ് സംരംഭങ്ങളും പ്രതീക്ഷിക്കുന്നു.



കൊച്ചി മെട്രോ റെയിലിനായി തയാറാക്കിയ ഡാറ്റ അനലിറ്റിക്സ് ഡാഷ്ബോർഡിന്റെ മാതൃക.

### ആശയമായത് 2014 ൽ

2014ലാണു കൊച്ചി മെട്രോയുടെ ഡാറ്റ അനലിറ്റിക്സിനു പ്രത്യേക ഡാഷ്ബോർഡ് എന്ന ആശയം രൂപപ്പെടുന്നത്. 2016 ൽ കൊച്ചി മെട്രോയും രാജഗിരിയും ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പുവച്ചു.

പദ്ധതിക്കായുള്ള ഗവേഷണ, പഠനങ്ങൾക്കും സാങ്കേതിക ആവശ്യങ്ങൾക്കുമായി കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിനെ കോളജ് സമീപിച്ചു. 2018 ൽ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് ഇതിന് അനുമതി നൽകി. മൂന്നു വർഷത്തേക്ക് 25 ലക്ഷം രൂപ പദ്ധതിക്കായി വകുപ്പ് അനുവദിച്ചിരുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അക്കാദമിക് പ്രോജക്ടുകൾ സമൂഹത്തിനു ഗുണകരമാകുന്ന രീതിയിൽ പ്രായോഗികതലത്തിൽ എത്തിക്കുകയെന്ന ലക്ഷ്യവും പദ്ധതിക്കു പിന്നിലുണ്ട്.

## നാളെ മെട്രോയിൽ ഒരു മണിക്കൂർ സൗജന്യ യാത്ര

**കൊച്ചി:** കൊച്ചി മെട്രോയിൽ നാളെ ഉച്ചകഴിഞ്ഞു മൂന്നു മുതൽ നാലു വരെ സൗജന്യ യാത്ര ചെയ്യാം. വൈറ്റില, ആലുവ സ്റ്റേഷനുകളിൽനിന്ന് ഇടപ്പള്ളിയിലേക്കും തിരിച്ചുമാണ് സൗജന്യയാത്ര. ഇതിനായി വൈറ്റില, ഇടപ്പള്ളി, ആലുവ മെട്രോ സ്റ്റേഷനുകളിലെ ടിക്കറ്റ് കൗണ്ടറുകളിൽ ബന്ധപ്പെടണം. കൊച്ചി മെട്രോയിൽ ഇതുവരെ യാത്രാ ചെയ്യാത്തവർക്ക് അവസരം നൽകുന്നതിനായാണ് സൗജന്യ യാത്ര ഒരുക്കിയിരിക്കുന്നത്. ഒറ്റയ്ക്കോ സംഘമായോ യാത്ര ചെയ്യാമെന്ന് അധികൃതർ അറിയിച്ചു.

## വൈഎംസിഎ അംഗങ്ങളെ ആദരിക്കുന്നു

**കൊച്ചി:** വിവിധ മേഖലകളിൽ സേവനമനുഷ്ഠിച്ച എറണാകുളം വൈഎംസിഎ അംഗങ്ങളെ ആദരിക്കുന്നു. ജസ്റ്റീസ് ജെ.ബി. കോശി, ജസ്റ്റീസ് ആന്റണി ഡൊമിനിക്, ജസ്റ്റീസ് കെ. സുരേന്ദ്ര മോഹൻ, പദ്മശ്രീ കുര്യൻ മേളാംപറമ്പിൽ, മുതിർന്ന അഭിഭാഷകരായ ഏബ്രഹാം വാക്കനാൽ, കെ.എൽ. വർഗീസ്, മാത്യൂസ് ജേക്കബ്, ബാബു വർഗീസ്, സി.ജെ. ജോൺ, ജോർജ് തോമസ്, സന്തോഷ് ജോൺ ഏബ്രഹാം, ചെറിയാൻ വർക്കി, ബാബു സി. ജോർജ്, കെ. വർഗീസ് എന്നിവരെ അഞ്ചിന് വൈകുന്നേരം നാലിന് എറണാകുളം വൈഎംസിഎയിലാണ് ആദരിക്കുന്നത്. ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. വൈഎംസിഎ പ്രസിഡന്റ് മോഹൻ ജോർജ് മാധവമംഗലം അധ്യക്ഷത വഹിക്കും. സന്തോഷ് തോമസ് കാനാടൻ, ആന്റോ ജോസഫ് എന്നിവർ പ്രസംഗിക്കും.

## അനുമതിയില്ലാതെ നഗരസഭാ വാഹനം ഉപയോഗിച്ചു: ഡ്രൈവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി

**പറവൂർ:** നഗരസഭയുടെ വാഹനം സെക്രട്ടറിയുടെ അനുവാദമില്ലാതെ ഉപയോഗിച്ചതിന് വാഹനത്തിന്റെ ഡ്രൈവർക്ക് നഗരസഭ സെക്രട്ടറി കാരണം കാണിക്കൽ നോട്ടീസ് നൽകി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാഹനത്തിലെ ഡ്രൈവർക്കാണ് നോട്ടീസ് നൽകിയത്. രണ്ട് ദിവസം വാഹനം ഓഫീസിൽ കാണാതായതോടെയാണ് വിഷയം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെട്ടത്. സംസ്ഥാന ലൈബ്രറി കൗൺസിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരു സ്ഥിരംസമിതി അധ്യക്ഷനും, ഭരണകക്ഷി കൗൺസിലറും ചേർന്ന് വാഹനം തിരുവനന്തപുരത്തേക്ക് കൊണ്ടുപോയതെന്നാണ് വിവരം. നഗരസഭയുടെ ഉപയോഗത്തിനല്ലാതെ മറ്റാവശ്യങ്ങൾക്ക് വാഹനം ഉപയോഗിക്കേണ്ടിവരുമ്പോൾ സെക്രട്ടറിയുടെ അനുമതി ആവശ്യമാണ്. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാഹനത്തിലുള്ള സ്ഥിരം ഡ്രൈവറെ ഒഴിവാക്കി മറ്റൊരു താത്കാലിക ഡ്രൈവറെയാണ് ഇവർ കൊണ്ടുപോയത്. എന്നാൽ താത്കാലിക ജീവനക്കാരന് നോട്ടീസ് നൽകാൻ സാധിക്കില്ല. ഇതിനാലാണ് സ്ഥിരം ഡ്രൈവറോട് സെക്രട്ടറി വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുള്ളത്.

## മഹിളാ സഹകരണ സംഘം ബ്രാഞ്ച് ഉദ്ഘാടനം

**പറവൂർ:** പറവൂർ മഹിളാ സഹകരണ സംഘത്തിന്റെ നവീകരിച്ച കോട്ടുവള്ളി ബ്രാഞ്ചിന്റെ ഉദ്ഘാടനം ഘണ്ഠകർണൻ വെളിയിലെ കൂലോത്ത് മൊയ്തീൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിൽ കെ.എൻ. ഉണ്ണികൃഷ്ണൻ നിർവഹിച്ചു. സംഘം പ്രസിഡന്റ് ടി.എസ്. പുഷ്കല അധ്യക്ഷയായി. മുൻ എംഎൽഎ പി. രാജു ആദ്യ നിക്ഷേപം സ്വീകരിച്ചു. ടി.ആർ. ബോസ് ലോക്കർ ഉദ്ഘാടനം ചെയ്തു. കോട്ടുവള്ളി പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. ഷാജി, പഞ്ചായത്തംഗം സീനു സുരേഷ്, കെ.എ. വിദ്യാനന്ദൻ, ജി. മീനാകുമാരി, കെ. ഗിരിജ എന്നിവർ സംസാരിച്ചു.

## പൂർണത്രയീശ ക്ഷേത്രത്തിൽ തൃക്കേട്ട പുറപ്പാട് ഇന്ന്

**തൃപ്പൂണിത്തുറ:** പൂർണത്രയീശ ക്ഷേത്രത്തിൽ വൃശ്ചികോത്സവത്തിലെ പ്രധാനമായ തൃക്കേട്ട പുറപ്പാട് ഇന്ന് നടക്കും. വില്വമംഗലം സ്വാമിയാർക്ക് ഭഗവത് ദർശനമുണ്ടായതിനെ അനുസ്മരിച്ചാണ് തൃക്കേട്ട പുറപ്പാട് നടക്കുന്നത്.

പണ്ടൊരിക്കൽ ക്ഷേത്രത്തിൽ ഉത്സവത്തിനെത്തിയ വില്വമംഗലത്തിന് ക്ഷേത്രത്തിനകത്ത് ഭഗവത് ദർശനമുണ്ടായില്ല. പുറത്തേക്കിറങ്ങിയപ്പോൾ എഴുന്നള്ളിപ്പിന് നിൽക്കുന്ന ആനകളുടെ പുറത്താണ് ഭഗവത് ദർശനം ലഭിച്ചത്. ഈ ഓർമ്മയിൽ ഇന്ന് രാത്രി എട്ടു മുതൽ 11.30 വരെ തൃക്കേട്ട ദർശനം നടക്കും. ഒൻപതിന് ചെന്നൈ കെ. ഭരത് സുന്ദറിന്റെ സംഗീതക്കച്ചേരിയും 12 ന് കഥകളിയും നടക്കും.

## പൊതുയോഗവും സർട്ടിഫിക്കറ്റ് വിതരണവും

**പെരുമ്പാവൂർ:** കൂവപ്പടി പഞ്ചായത്ത് കാർഷിക കർമസേന വാർഷിക പൊതുയോഗം വൈസ് പ്രസിഡന്റ് ബേബി തോപ്പിലാൻ ഉദ്ഘാടനം ചെയ്തു. ട്രെയിനിംഗ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണവും നടത്തി. ചടങ്ങിൽ കർമസേന പ്രസിഡന്റ് ഗോപിനാഥ് കൊരുമ്പുമഠം അധ്യക്ഷ വഹിച്ചു. വികസനകാര്യ സ്ഥിരംസമിതി അധ്യക്ഷ സിന്ധു അരവിന്ദ്, വാർഡ് അംഗങ്ങളായ നിത പി എസ്, ഹരിഹരൻ പടിക്കൽ, ശശി കൂട്ടപ്ലാക്കൽ, കൃഷി ഓഫീസർ ജയമ്മരിയ ജോസഫ്, പി.വൈ. പൗലോസ് എന്നിവർ സംസാരിച്ചു.

## 'പുതിയ മാവേലി സ്റ്റോർ അനുവദിക്കണം'

**മൂവാറ്റുപുഴ:** മഞ്ഞള്ളൂർ പഞ്ചായത്തിലെ മടക്കത്താനം ജംഗ്ഷനിൽ പുതിയ മാവേലി സ്റ്റോർ അനുവദിക്കണമെന്ന് മുൻ എംഎൽഎ എൽദോ ഏബ്രഹാം. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ സമർപ്പിച്ച നിവേദനത്തെത്തുടർന്ന് സാധ്യത പഠനം കഴിഞ്ഞതാണ്. സാധാരണക്കാരായ ജനങ്ങൾക്ക് ഇത് ഏറെ ഗുണകരമാകുമെന്നും ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യം അടിയന്തരമായി പരിഹരിക്കണമെന്നും എൽദോ ഏബ്രഹാം ആവശ്യപ്പെട്ടു.

## 'സപ്ലൈക്കോ ഏരിയ മാനേജരെ ഉടൻ നിയമിക്കണം'

**മൂവാറ്റുപുഴ:** സപ്ലൈക്കോയിൽ ഏരിയ മാനേജർ തസ്തികയിൽ ഉടൻ ആളെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് മന്ത്രി ജി.ആർ. അനിലിന് മുൻ എംഎൽഎ എൽദോ ഏബ്രഹാം കത്ത് നൽകി. പ്രവർത്തനങ്ങളുടെ ഏകോപനത്തിൽ ഗുരുതര വീഴ്ചകൾ സംഭവിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങളും കത്തിലൂടെ മന്ത്രിയെ ധരിപ്പിച്ചിട്ടുണ്ട്.

## 'സബ്സിഡി ഇനങ്ങളുടെ കുറവ് പരിഹരിക്കണം'

**മൂവാറ്റുപുഴ:** നിയോജക മണ്ഡലത്തിലെ മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളും വഴി ജനങ്ങൾക്ക് വിതരണം ചെയ്തുവരുന്ന സബ്സിഡിയുള്ള ഇനങ്ങളുടെ കുറവ് പരിഹരിക്കണമെന്ന് മുൻ എൽദോ ഏബ്രഹാം ആവശ്യപ്പെട്ടു. നോൺ സബ്സിഡി ഇനങ്ങളുടെ ചെലവും ഇതുമൂലം കുറഞ്ഞു. ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധയുണ്ടാകണമെന്നും അദ്ദേഹം സർക്കാരിനോട് ആവശ്യപ്പെട്ടു.

## സെമിനാർ നാളെ

**മൂവാറ്റുപുഴ:** മലബാർ കലാപത്തിന്റെ 100-ാം വാർഷികത്തോടനുബന്ധിച്ച് ഡിവൈഎഫ്ഐ നാളെ മേള ഓഡിറ്റോറിയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു. വൈകുന്നേരം അഞ്ചിന് നടക്കുന്ന സെമിനാറിൽ ഡിവൈഎഫ്ഐ അഖിലേന്ത്യ പ്രസിഡന്റ് എ.എ. റഹീം വിഷയം അവതരിപ്പിക്കുമെന്ന് പ്രസിഡന്റ് ഫെബിൻ പി. മൂസ, സെക്രട്ടറി അനീഷ് എം. മാത്യു എന്നിവർ അറിയിച്ചു.

## കൃഷി പാഠങ്ങൾ പങ്കുവച്ച് ക്ലബ് ഹൗസ് റൂം

**മൂവാറ്റുപുഴ:** കർഷകർക്ക് അറിവ് പകരുന്നതിനും സംശയ ദൂരീകരണത്തിനും മാതൃകാ കർഷകരെ പരിചയപ്പെടുത്തുന്നതിനും മറ്റുമായി ക്ലബ് ഹൗസിൽ ആരംഭിച്ച കർഷക വേദി ശ്രദ്ധേയമാകുന്നു. വിവിധ നാടുകളിലുള്ള കർഷകർ രാത്രി എട്ടിന് ഒരു മുറിയിലെന്ന പോലെ ഒത്തുചേർന്ന് കൃഷി കാര്യങ്ങൾ ചർച്ച ചെയ്യുന്നു. ക്ലബ് ഹൗസ് എന്ന സാമൂഹ്യമാധ്യമത്തിൽ ആരംഭിച്ച 'കർഷക വേദി' ക്ലബ് ഹൗസ് റൂം 100-ാം ദിവസത്തിലേക്ക് അടുക്കുകയാണ്. എല്ലാ ദിവസവും രാത്രി എട്ടു മുതൽ ഒമ്പതര വരെയാണ് കർഷകർ ഒത്തു ചേരുന്നത്. ക്ലബ് ഹൗസിൽ മലയാളി കർഷകർക്കായി പ്രവർത്തിക്കുന്ന ഏക ക്ലബാണിത്. ദിവസേന ഏതെങ്കിലും വിഷയത്തിൽ ഒരു വിദഗ്ധൻ ക്ലാസെടുക്കും.

അല്ലെങ്കിൽ ഒരു മാതൃകാ കർഷകന് 'എന്റെ കൃഷി' പരിപാടിയിൽ അവസരം നൽകും. കർഷകരുടെ സംശയങ്ങൾക്ക് വിദഗ്ധ പാനൽ മറുപടി നൽകും. അറുപതോളം വിഷയങ്ങളിൽ ഇതുവരെ ക്ലാസുകളുണ്ടായി.

പതിനഞ്ചോളം മാതൃകാ കർഷകരെ പരിചയപ്പെടുത്തി. 700ഓളം പേർ നിലവിൽ കർഷകവേദി അംഗത്വം എടുത്തിട്ടുണ്ട്. ഏകദേശം അമ്പതോളം പേർ ദിവസവും ക്ലാസുകളിൽ പങ്കെടുക്കുന്നുണ്ട്.